പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2644 17.06.2019 ൽ മറുപടിയ്ക്ക്

<u>മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ ടൂറിസം പദ്ധതികൾ</u>

| | ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
|---|---|---|
| (എ) | മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനുകീഴിൽ വരുന്ന ഇടമലയാർ, കുട്ടമ്പുഴ, തുണ്ടം റെയ്ഞ്ചുകളിലെ പ്രദേശങ്ങൾ ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്; നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടമ്പുഴ റെയിഞ്ചിൽ ഉൾപ്പെട്ട വനപ്രദേശങ്ങളിൽ ഇക്കോടൂറിസം നടപ്പാക്കുന്നതിനുള്ള പ്രാഥമിക പരിശോധന പൂർത്തിയായിട്ടുണ്ട്. |
| (ബി) | കുട്ടമ്പുഴ റെയ്ഞ്ചിൽപ്പെട്ട പൂയംകുട്ടി, പിണ്ടിമേട്, കുമ്പൻപാറ, ആനകുളം തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടുത്തി കാൽ നടയായുള്ള (ട്രെക്കിങ്ങ്) വന സന്ദർശന പരിപാടി ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) ഇപ്പോൾ ആലോചനയിലില്ല. |
| (സി) | വിദേശ-സ്വദേശ ടൂറിസ്റ്റുകളെ വലിയ തോതിൽ ആക്രഷിക്കുവാൻ കഴിയുന്ന പ്രസ്തുത പ്രദേശങ്ങളിൽ കാൽനടയായുള്ള വന സന്ദർശനം നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ( സി) വിദേശ-സ്വദേശ ടൂറിസ്റ്റുകളെ വലിയ തോതിൽ ആകർഷിക്കുക എന്നത് ഇക്കോടൂറിസത്തിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നില്ല. പരിസ്ഥിതി സംരക്ഷണാവബോധം സൃഷ്ടിക്കുന്നതിനും, വനാശ്രിത സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടാനുപകരിക്കുന്നതും, പ്രദേശത്തിന്റെ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തതുമായ നിയന്ത്രിത ഉത്തരവാദിത്വ ടൂറിസമായാണ് ഇക്കോടൂറിസം ലക്ഷ്യമിടുന്നത്. മനുഷ്യ-വന്യജീവി സംഘർഷ സാധ്യത ഏറിയ പ്രദേശങ്ങളായതിനാൽ ഈ മേഖലയിലെ കാൽനട സന്ദർശനം അഭികാമ്യമല്ല. |

സെക്ഷൻ ഓഫീസർ